# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

ഒക്ടോബർ 21, 2016

## സോവറിൻ സ്വർണ്ണ ബോണ്ടു പദ്ധതി 2016-2017 സീരിസ് III - ഇഷ്യൂവില

ഗവൺമെന്റ് ഓഫ് ഇൻഡ്യ വിജ്ഞാപനം F.No. 4(16)-W&M/2016, 2016 ഒക്ടോബർ 20 ലെ ആർബിഐ സർക്കുലർ IDMD.CDD.No.893/14.04.050/2016-17 എന്നിവ പ്രകാരം, സോവറിൻ സ്വർണ്ണ പദ്ധതി 2016-17 സീരിസ് III നിക്ഷേപങ്ങൾക്ക് വേണ്ടി 2016 ഒക്ടോബർ 24 മുതൽ 2016 നവംബർ 2 വരെ സ്വീകരിക്കാൻ തുടങ്ങിയിരിക്കുന്നു. ബോണ്ടിന്റെ സൂചികവില (nominal value), ഇൻഡ്യാ ബുള്ള്യൻ ആൻഡ് ജുവലേഴ്സ് അസോസിയേഷൻ ലിമിറ്റഡ് (IBJA) പ്രസിദ്ധികരിച്ചിട്ടുള്ള തൊട്ടു മുമ്പത്തെ ആഴ്ചയിലെ (2016 ഒക്ടോബർ 17-21) 999 പരിശുദ്ധിയുള്ള ഒരു ഗ്രാം സ്വർണ്ണത്തിന്റെ ശരാശരി ക്ലോസിംഗ് വിലയായ 3007 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. റിസർവ് ബാങ്കുമായി പര്യാലോചിച്ച് ഗവൺമെന്റ് ഓഫ് ഇൻഡ്യ, സോവറിൻ സ്വർണ്ണബോണ്ടിന് ഈ സൂചിക വിലയിൽ ഒരു ഗ്രാമിന് 50 രൂപ ഡിസ്ക്കൗണ്ട് നൽകാൻ തീരുമാനിച്ചിരിക്കുന്നു. അപ്രകാരം, ഒരു ഗ്രാം സ്വർണ്ണത്തിന്റെ ഇഷ്യൂവില 2957 രൂപ (രൂപ രണ്ടായിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് മാത്രം) ആയിരിക്കും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് മാനേജർ

**പ്രസ്സ് റിലീസ് 2016-2017/999**